## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1304** **11.06.2019 -ൽ മറുപടിയ്ക്ക്**

### പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് മുറികൾ

ചോദ്യം

**ശ്രീ.കെ. ബാബു**

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ 9941 സർക്കാർ , എയ്ഡഡ്,പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. |
| ബി) | ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പ്രവൃത്തി എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള ഉപകരണ വിതരണം ഉടൻ ആരംഭിക്കുന്നതാണ്. |
| സി) | എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക എന്ന് വിശദമാക്കുമോ? | സി) | പദ്ധതി നടപ്പിലാക്കുന്ന 9941 സർക്കാർ,എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിലെ 20,86,181 വിദ്യാർത്ഥികൾക്ക് ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ലഭിക്കും |

സെക്ഷൻ ഓഫീസർ